# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 323

19-02-2013 ൽ മറുപടിക്ക്

## എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| എ) കാലോചിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) ഉണ്ട്. |
| ബി) പരിശീലനം നൽകുന്നതിലേയ്ക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | ബി) എക്സൈസ് വകുപ്പിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ എന്നീ തസ്തികയിലുള്ളവർക്ക്, അബ്കാരി, എൻ.ഡി.പി.എസ്. കേസുകൾ കണ്ടെത്തി, അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കുന്നതിൽ പരിശീലനം നല്കുന്നതിനായി, സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയിൽ ഉൾപ്പെടുത്തി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ, തൃശൂർ, സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിൽ വച്ച് 5 ദിവസം വീതം ദൈർഘ്യമുള്ളതും, 30 ആഫീസർമാർ അടങ്ങുന്നതുമായ 5 ബാച്ചിന്റെ പരിശീലനം ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 6-ാമത് ബാച്ചിന്റെ പരിശീലനം 11-02-2012 ന് ആരംഭിച്ചിട്ടുള്ളതാണ്. മേൽ തസ്തികകളിലുള്ള എല്ലാവർക്കും പ്രസ്തുത പരിശീലനം നൽകുന്നതാണ്. ആകെ 30 പേർ വരുന്ന 20 ബാച്ചുകൾക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷം, 11 ബാച്ചുകളും, അടുത്ത വർഷം ജൂൺ 7-ാം തീയതിക്കകം (2013 ജൂൺ 7) ബാക്കി 9 ബാച്ചുകളുടേയും പരിശീലനം പൂർത്തിയാക്കുന്നതാണ്. ഇതു കൂടാതെ, വകുപ്പിലെ പരിശീലനം ലഭിക്കാത്ത സിവിൽ എക്സൈസ് ആഫീസർമാർക്ക് 90 പ്രവർത്തി ദിവസം നീണ്ടു നിൽക്കുന്ന അടിസ്ഥാന പരിശീലനം നൽകി വരുന്നുണ്ട്. ഇപ്പോൾ നടക്കുന്ന എട്ടാമത് ബാച്ചിൽ നൂറു പേർക്ക് എക്സൈസ് അക്കാദമിയിൽ പരിശീലനം നൽകി വരുന്നു. |

(മറുപുറം)

| | |
|---|---|
| സി) പരിശീലനത്തിനായി പുതിയ മോഡ്യൂൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | സി) പുതിയ മൊഡ്യൂൾ പ്രകാരമാണ് ഇപ്പോൾ പരിശീലനം ആരംഭിച്ചിട്ടുള്ളത്. മേജർ കേസുകൾ കണ്ടെത്തുന്നതിനും, ശാസ്ത്രീയമായി അന്വേഷണം നടത്തി കുറ്റക്കാരായ മുഴുവൻ പേരേയും നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനും കഴിയുന്ന രീതിയിൽ പ്രത്യേകം സിലബസ് തയ്യാറാക്കിയാണ് പരിശീലനം നൽകി വരുന്നത്. അബ്കാരി, എൻ.ഡി.പി.എസ്, കേസുകൾക്ക് ഇപ്രകാരം പ്രത്യേകം പാഠ്യപദ്ധതി തയ്യാറാക്കി, ഡിറ്റക്ഷൻ, ഇൻവെസ്റ്റിഗേഷൻ, ചാർജ് ഷീറ്റിംഗ് എന്നീ കാര്യങ്ങളിൽ ഏറ്റവും അനുയോജ്യരും, ടി മേഖലയിൽ കഴിവ് തെളിയിച്ചവരുമായ ഫാക്കൽറ്റികളെ ഉൾപ്പെടുത്തിയാണ് ഇപ്പോൾ പരിശീലനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ